# പതിനാലാം കേരള നിയമസഭ

*രണ്ടാം സമ്മേളനം*

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ *128

30.09.2016-ൽ മറുപടിക്ക്

## നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| 1. ശ്രീ.കെ.ജെ.മാക്സി<br>2. ശ്രീ. എം. നൗഷാദ്<br>3. ശ്രീ. ബി. സത്യൻ<br>4. ശ്രീ. കെ. ദാസൻ | ഡോ. കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) നഗരസഭകളിൽ ഹെൽത്ത് വിഭാഗം ജീവനക്കാരുടെ അനുവദനീയമായ തസ്തികയിലുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പുതിയതായി രൂപീകരിച്ച നഗരസഭകളിൽ ജീവനക്കാരെ നിയമിച്ചു വരുന്നു. ടി വിഭാഗം ജീവനക്കാർക്ക് കാലാകാലങ്ങളിൽ ആവശ്യമായ പരിശീലനവും നൽകി വരുന്നുണ്ട്. ഓരോ വിഭാഗം ജീവനക്കാരുടെയും ചുമതലകൾ നിജപ്പെടുത്തി ഉത്തരവ് നിലവിലുള്ളതാണ്. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മാലിന്യം കൈകാര്യം ചെയ്യുമ്പോൾ ധരിയ്ക്കേണ്ട കയ്യുറ, ഗംബൂട്ട്, യൂണിഫോം, റെയിൻകോട്ട് മുതലായവ നഗരസഭകൾ നൽകിവരുന്നുണ്ട്. സ്ഥിരം തൊഴിലാളികൾ കുറവുള്ള നഗരസഭകളുടെ ആവശ്യം പരിഗണിച്ച് താത്ക്കാലിക തൊഴിലാളികളെ നിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകാറുണ്ട്. |

| | | | |
|---|---|---|---|
| ബി) | നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിൽ ആഹാര സാധനങ്ങളുടെ പരിശോധനയ്ക്കും ഹോട്ടലുകൾ, തട്ടുകടകൾ, ബേക്കറികൾ എന്നിവിടങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ആഹാരസാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി അധികാരപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പം നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാരും പരിശോധന നടത്താറുണ്ട്. വൃത്തിഹീനമായ ചുറ്റുപാടിലാണോ ആഹാരം പാകം ചെയ്യുന്നത്, പഴകിയ ആഹാരസാധനങ്ങൾ വിൽപ്പന നടത്തുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് നഗരസഭാ ആരോഗ്യ വിഭാഗം പ്രധാനമായും പരിശോധിക്കുന്നത്. നിലവിലുള്ള ഉദ്യോഗസ്ഥർ ടി പ്രവൃത്തികൾ കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഈ വിഭാഗത്തിലെ ഒഴിവുകൾനിലവിലുള്ള നഗരസഭകളിൽ അതു നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| സി) | പ്രതിമാസം നിശ്ചിത എണ്ണം പരിശോധനകൾ നടത്തണമെന്ന് നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ? | (സി) | നഗരസഭാ പരിധിയിലുള്ള കടകളിലും കച്ചവട സ്ഥാപനങ്ങളിലും ഇടയ്ക്കിടെ പരിശോധന നടത്തി ശുചിത്വം ഉറപ്പാക്കണമെന്നും മറ്റുമുള്ള ഹെൽത്ത് വിഭാഗം ജീവനക്കാരുടെ ചുമതലകൾ അടങ്ങുന്ന സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 526/64/HLD, തീയതി 23.07.1964 നിലവിലുള്ളതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ആവശ്യമായ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ആഹാര സാധനങ്ങളിൽ മായംചേർക്കൽ നിയമ പ്രകാരം നഗരസഭകളിലെ ഫുഡ് ഇൻസ്പെക്ടർമാർ ഓരോ മാസവും നിശ്ചിത എണ്ണം പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കണമെന്ന് വ്യവസ്ഥ |

ചെയ്തിരുന്നു. എന്നാൽ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് ആക്ട് നിലവിൽ വന്നതോടെ ഇതിന്റെ നിയന്ത്രണം ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കാണ്. അതിനാൽ നഗരകാര്യ വകുപ്പിൽ നിന്നും ഇപ്പോൾ ഇക്കാര്യത്തിൽ നിർദ്ദേശം നൽകാറില്ല.

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ആഹാര സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി അധികാരപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പം നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാരും പരിശോധന നടത്താറുണ്ട്. നഗരസഭകളിലെ ആരോഗ്യ വിഭാഗം ജീവനക്കാർ കടകളിൽ പരിശോധന നടത്തുന്നത് സംബന്ധിച്ച് 23.07.1964 ലെ ജി.ഒ(എം.എസ്) 526/64/എച്ച്.എൽ.ഡി നമ്പർ സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആയതു പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യവിഭാഗം ജീവനക്കാർ കടകളിൽ പരിശോധന നടത്തിവരുന്നത്.

Section Officer